# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.93   12.06.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കന്ററി സ്കൂളുകളും അധികബാച്ചുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>,, രാജു എബ്രഹാം<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ. വി. അബ്ദുൾ ഖാദർ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെയും ബാച്ചുകളുടെയും ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെയും ബാച്ചുകളുടെയും ആവശ്യകത സംബന്ധിച്ച് വകുപ്പുതല അവലോകനം നടത്തുകയുണ്ടായി. 2013 -ൽ ഓരോ ജില്ലയിൽ നിന്നും എസ് എസ് എൽ സി പാസായ കുട്ടികളുടെയും ഹയർ സെക്കന്ററി പഠനത്തിന് ലഭ്യമായ സീറ്റുകളുടെയും അന്തരം സംബന്ധിച്ച വിശദാംശം ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയിരുന്നു. ഇതിൻ പ്രകാരം സംസ്ഥാനത്ത് എസ്എസ് എൽ സി പാസായ 4,48,661 വിദ്യാർത്ഥികൾക്കായി 3,35,400 സീറ്റുകൾ മാത്രമാണ് ലഭ്യമായിട്ടുണ്ടായിരുന്നത് . 1,13,261 സീറ്റുകളുടെ കുറവുണ്ടായിരുന്നു. കൂടാതെ സി ബി എസ് ഇ/ഐസിഎസ് ഇ ഇതര സംസ്ഥാന ബോർഡുകളുടെ പരീക്ഷപാസായ വിദ്യാർത്ഥികളുടെ ഉപരിപഠന ആവശ്യകതയും നിറവേറ്റേണ്ടതുണ്ട് . |

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം ഹയർസെക്കന്ററി മേഖലയിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നോ; ഇതുസംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം ഹയർ സെക്കന്ററി മേഖലയിൽ സംസ്ഥാനത്തൊട്ടാകെയായി 3151 മെറിറ്റ് സീറ്റുകളും 2732 മാനേജ്മെന്റ്/കമ്മ്യൂണിറ്റിക്വാട്ടാസീറ്റുകൾ ഒഴിഞ്ഞുകിടന്നു. സ്വാശ്രയ മേഖലയിൽ ഒഴിഞ്ഞുകിടന്ന 19302 സീറ്റുകളുൾപ്പെടെ 25185 സീറ്റുകൾകളാണ് ഒഴിഞ്ഞുകിടന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എ ങ്കിൽ ഇതുപ്രകാരം ലഭിച്ച അപേക്ഷകളിൽ എന്ത് തീരുമാനം സ്വീകരിച്ചു വെന്ന് വെളിപ്പെടുത്താമോ

(സി) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ വകുപ്പുതല വിദഗ് ദ്ധസമിതിയും പൊതു വിദ്യാഭ്യാസ വകുപ്പും പരിശോധിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്ത് ഇപ്പോൾ പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കേണ്ട എന്ന നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അനന്തര നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ഡി) പുതിയ സ്കൂളുകൾക്കും ബാച്ചുകൾക്കുമുള്ള അപേക്ഷ സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നോ ക്ഷണിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ല യിലും ആവശ്യമായിവരുന്ന സ്കൂളുകളും ബാച്ചുകളും എത്രയെന്ന് കണക്കാക്കിയിരുന്നോ;

(ഡി) പുതിയ ഹയർ സെക്കന്ററി സ്കൂളുകളുടെയും ബാച്ചുകളുടെയും ആവശ്യകത സംബന്ധിച്ച് വകുപ്പുതല അവലോകനം നടത്തുകയുണ്ടായി. 2013 -ൽ ഓരോ ജില്ലയിൽ നിന്നും എസ് എസ് എൽ സി പാസായ കുട്ടികളുടെയും ഹയർ സെക്കന്ററി പഠനത്തിന് ലഭ്യമായ സീറ്റുകളുടെയും അന്തരം സംബന്ധിച്ച വിശദാംശം ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത 148 ഗ്രാമപഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂളിൽ രണ്ട് ബാച്ചുകൾ വീതം 296 ബാച്ചുകൾ അനുവദിക്കാനും കൂടാതെ എറണാകുളം

മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ പ്ലസ് ടു പഠനത്തിനുള്ള സീറ്റുകളുടെ കുറവിനാനുപാതികമായി 382 ബാച്ചുകൾ അനുവദിക്കാനും തീരുമാനിക്കുകയുണ്ടായി.

അടിസ്ഥാനസൗകര്യങ്ങളും, എസ് എസ് എൽ സി പാസ്സായ കുട്ടികളുടെ എണ്ണം കണക്കിലെടുത്തും നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും, നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു സ്കൂളിൽ ഒരു അധിക ബാച്ച് എന്ന ക്രമത്തിൽ ആകെ 678 ബാച്ചുകൾ അനുവദിക്കുന്നതിനുവേണ്ടിയായിരുന്നു അപേക്ഷകൾ ക്ഷണിച്ചിരുന്നത്.

(ഇ) അധികബാച്ചുകൾ അനുവദിക്കുന്നതിനായി വീണ്ടും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ഇ) ഉണ്ട്. പുതിയ ഹയർസെക്കന്ററി സ്കൂളുകൾ ഇപ്പോൾ അനുവദിക്കേണ്ട എന്ന നയപരമായ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തൊട്ടാകെ അധികബാച്ചുകൾ മാത്രം അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(എഫ്) ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ യഥേഷ്ടം സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്നത് പൊതുമേഖലയിൽ നിലവിലുള്ള സ്കൂളുകളെ എങ്ങനെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് വൻതോതിലുള്ള ക്രമക്കേടുകൾക്കും അഴിമതിക്കും കാരണമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എഫ്) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് പ്രഥമ പരിഗണനകൊടുത്തുകൊണ്ടാണ് അധിക ബാച്ചുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചത് . സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മാനദണ്ഡങ്ങൾക്കനുസരണമാണ് അധികബാച്ചുകൾ അനുവദിക്കുന്നത്.

Udayakumar

സെക്ഷൻ ഓഫീസർ

3. 93
12/6/14

# അനുബന്ധം

| | Merit Total Seats | Merit Total Admitted | Merit Vacancy | MQ/CQ Total Seats | MQ/CQ Total Admitted | MQ/CQ Vacancy | UQ Total Seats | UQ Total Admitted | UQ Vacancy | Total Seats | Total Admitted | Total Vacancy |
|---|---|---|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 22885 | 22921 | -36 | 4565 | 4458 | 107 | 7218 | 5906 | 1312 | 34668 | 33285 | 1383 |
| Kollam | 20622 | 20492 | 130 | 4788 | 4646 | 142 | 4125 | 2928 | 1197 | 29535 | 28066 | 1469 |
| Pathanamthitta | 10265 | 9933 | 332 | 3060 | 2742 | 318 | 2195 | 1364 | 831 | 15520 | 14039 | 1481 |
| Alappuzha | 16897 | 16571 | 326 | 5328 | 5087 | 241 | 2065 | 1702 | 363 | 24290 | 23360 | 930 |
| Kottayam | 15253 | 15112 | 141 | 5377 | 5034 | 343 | 3176 | 2022 | 1154 | 23806 | 22168 | 1638 |
| Idukki | 8326 | 7926 | 400 | 2374 | 2244 | 130 | 1870 | 1017 | 853 | 12570 | 11187 | 1383 |
| Ernakulam | 20563 | 20297 | 266 | 6082 | 5833 | 249 | 6490 | 5033 | 1457 | 33135 | 31163 | 1972 |
| Thrissur | 22718 | 22594 | 124 | 5972 | 5662 | 310 | 5695 | 3827 | 1868 | 34385 | 32083 | 2302 |
| Palakkad | 21563 | 21269 | 294 | 3657 | 3475 | 182 | 4630 | 2770 | 1860 | 29850 | 27514 | 2336 |
| Kozhikkode | 24209 | 24180 | 29 | 5401 | 5187 | 214 | 5820 | 4369 | 1451 | 35430 | 33736 | 1694 |
| Malappuram | 35462 | 35298 | 164 | 6339 | 6120 | 219 | 12528 | 8149 | 4379 | 54329 | 49567 | 4762 |
| Wayanad | 6862 | 6744 | 118 | 1011 | 938 | 73 | 680 | 417 | 263 | 8553 | 8099 | 454 |
| Kannur | 23768 | 23364 | 404 | 3727 | 3558 | 169 | 2940 | 1644 | 1296 | 30435 | 28566 | 1869 |
| Kasargode | 11549 | 11090 | 459 | 973 | 938 | 35 | 2410 | 1392 | 1018 | 14932 | 13420 | 1512 |
| Total | **260942** | **257791** | 3151 | **58654** | **55922** | 2732 | **61842** | **42540** | **19302** | **381438** | **356253** | **25185** |

Expansions

MQ = Management Quota
CQ = Community Quota
UQ = Unaided Quota

Udayakumar